എ.ഡി.എം. ഇതിനെക്കുറിച്ച് പരിശോധിച്ച് റൂട്ട് വളരെ ചുരുക്കി ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കി ഒരു ഒ.എച്ച്. ലൈൻ വലിക്കുവാനുള്ള ഓർഡർ ഇട്ടു. നാഷണൽ ഹൈവേയുടെ ബൈപാസും നമ്മുടെ മറ്റ് റെയിൽവേ റോഡുകളുമെല്ലാം കൂടിയിട്ടുള്ള സ്ഥലങ്ങളിൽക്കൂടി പരമാവധി ജനങ്ങൾക്ക് തടസ്സം ഒഴിവാക്കുന്ന രൂപത്തിലാണ് എ.ഡി.എം. ഓർഡർ ഇട്ടത്. അതിനുശേഷം ചില ആളുകൾ അവരുടെ മരം മുറിക്കാൻ പാടില്ല എന്നുപറഞ്ഞ് ഹൈക്കോടതിയിൽ കേസ് കൊടുത്തു. ആ കേസും എ.ഡി.എം.-ന് വിട്ടിരിക്കുകയാണ്. ഇതൊരു ജുഡീഷ്യൽ ഫംങ്ഷനാണെന്ന് ഞാൻ പറഞ്ഞു. അതുകൊണ്ട് എ.ഡി.എം. ആണ് ഇക്കാര്യത്തിൽ ടെലിഗ്രാഫിക് ആക്ട് അനുസരിച്ച് ഒരു തീരുമാനമെടുക്കേണ്ടത്. അണ്ടർ ഗ്രൗണ്ട് കേബിൾ ഇടുകയാണെങ്കിൽ 7 കോടിയിൽപ്പരം രൂപയുടെ ചെലവ് വരുമെന്നാണ് റെയിൽവേ കണക്കാക്കിയിട്ടുള്ളത്. ഇക്കാര്യം അവർ എ.ഡി.എം.-നെ അറിയിച്ചു എന്നാണ് ബോർഡ് മനസ്സിലാക്കുന്നത്. അവസാന തീരുമാനം എടുക്കേണ്ടത് എ.ഡി.എം. ആണ്. അവിടെ ഇപ്പോഴുള്ള തടസ്സം ഈ മരം മുറിക്കുന്നതാണ്. ഈ സബ് സ്റ്റേഷന്റെ ലൈൻ എക്സ്റ്റൻഷൻ അടിയന്തിരമായി നടത്തിയില്ലെങ്കിൽ തിരുവന്തപുരം-എറണാകുളം റൂട്ട് ഇലക്ട്രിഫൈ ചെയ്യാൻ പ്രയാസമുണ്ടാകും. അതേയവസരത്തിൽ ആ പ്രദേശത്തെ ആളുകൾക്ക് പരമാവധി പ്രയാസം ഇല്ലാത്ത രൂപത്തിൽ ചെയ്യാനും ബോർഡ് തയ്യാറാകും. ഇതിന് ഏഴ് കോടിയിൽപ്പരം രൂപ ചെലവുവരും. റെയിൽവേ പണം അടയ്ക്കുകയാണെങ്കിൽ ബോർഡിന് അത് മാറ്റിക്കൊണ്ടുപോകുന്ന കാര്യത്തിൽ പ്രയാസമില്ല.

(10) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കത്ത് ഓഫീസ് കോംപ്ലക്സ് നിർമ്മാണം

ശ്രീ. യു. സി. രാമൻ: സർ, കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം പഞ്ചായത്തിൽ 18-ഓളം സർക്കാർ ഓഫീസുകൾ ഉണ്ട്. ആ ഓഫീസുകളെല്ലാം ഇന്ന് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അഗസ്ത്യാർമൂഴിയിൽ പി.ഡബ്ലിയു.ഡി.-യുടെ അധീനതയിലുള്ള സ്ഥലത്ത് മിനി സിവിൽ സ്റ്റേഷനും ഓഫീസ് കോംപ്ലക്സും നിർമ്മിക്കണമെന്ന് ആവശ്യപ്പെടാൻ തുടങ്ങിയിട്ട് വളരെ നാളുകളായി. ഇവിടെയുള്ള ഫയർ സ്റ്റേഷൻ, അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കൃഷി ഓഫീസ്, ക്ഷീര വികസന ഓഫീസ്, വെറ്ററിനറി ഹോസ്പിറ്റൽ, കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസ്, സബ് രജിസ്ട്രാർ ആഫീസ് ഈ സർക്കാർ വന്നതിനു ശേഷം പുതുതായി അവിടെ ആരംഭിച്ച മുക്കം വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ്, കെ.എസ്.ഇ.ബി.-യുടെ ഓഫീസ്, കഴിഞ്ഞ ബജറ്റ് പ്രഖ്യാപനത്തിനുശേഷം വന്നിരിക്കുന്ന മുക്കം ട്രഷറി ഇതൊക്കെ ഇന്ന് പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. അവിടെ മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. അത് എ.എസ്.-നുവേണ്ടി കാത്തിരിക്കുകയാണ്. എത്രയും പെട്ടെന്ന് മുക്കം മിനി സിവിൽ സ്റ്റേഷൻ ഒരു യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, മുക്കം പഞ്ചായത്തിലെ അഗസ്ത്യാർമൂഴിയിൽ പി.ഡബ്ലിയു.ഡി. നിരത്തുവിഭാഗത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു ഓഫീസ് കോംപ്ലക്സ് കെട്ടുന്ന കാര്യം പരിഗണനയിലുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി 225 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞു. എത്രയും പെട്ടെന്ന് എ.എസ്. നല്കി ആ പ്രവൃത്തി ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(11) ആറളം ഫാമിലെ തൊഴിലാളി നേതാക്കൾ നടത്തുന്ന നിരാഹാരസമരം

പ്രൊഫ. എ. ഡി. മുസ്തഫ: സർ, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെ തൊഴിലാളികൾ കഴിഞ്ഞ 3 ദിവസമായി സമരത്തിലേർപ്പെട്ടിരിക്കുകയാണ്. അവരുടെ നേതാക്കൻമാർ അവിടെ നിരാഹാര സമരവും ആരംഭിച്ചിരിക്കുകയാണ്. അവിടത്തെ തൊഴിലാളികൾക്ക് ലഭിക്കുന്നത് വളരെ കുറഞ്ഞ വേതനമാണ്. 10 വർഷം മുമ്പ് നടപ്പാക്കിയ ശമ്പളസ്കെയിൽ അനുസരിച്ചാണ് അവർക്ക് ഇന്നും വേതനം ലഭിക്കുന്നത്. പത്തും ഇരുപതും വർഷം കൊണ്ട് ജോലിചെയ്യുന്ന തൊഴിലാളികളുടെ ദിവസക്കൂലി എന്നുപറയുന്നത് ശരാശരി 96 രൂപ മാത്രമാണ്. ഇപ്പോൾ അവരുടെ ആവശ്യമെന്നു പറയുന്നത് ഈ പ്രയാസങ്ങൾ മാറി മറ്റ് സ്റ്റേറ്റ് ഫാമുകളിലെ തൊഴിലാളികൾക്ക് നൽകുന്ന വേതനം ഈ ഫാമിലെ തൊഴിലാളികൾക്ക് ലഭിക്കണമെന്നതാണ്. ഈ ആവശ്യം പരിഗണിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ആറളം ഫാം അടുത്ത കാലത്താണ് കേന്ദ്ര സർക്കാരിൽനിന്നും എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ കേരള സർക്കാർ എറ്റെടുത്തത്. അതിനുശേഷം അവിടെയുണ്ടായിരുന്ന 624 തൊഴിലാളികളിൽ 44 തൊഴിലാളികൾ വി.ആർ.എസ്. വാങ്ങി പിരിഞ്ഞുപോയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഇടക്കാലാശ്വാസമായി മാസം 325 രൂപ വീതം ഇതിനകം കൊടുത്തിട്ടുണ്ട്. കേരളത്തിലെ പ്ലാന്റേഷൻ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഏതാനും ദിവസങ്ങൾക്കകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. അത് ഈ ഫാമിലെ തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്. അതുകൊണ്ടുതന്നെ ഈ തൊഴിലാളികളുടെ കൂലിയിലും മറ്റ് കാര്യങ്ങളിലും ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കി ഇപ്പോൾ ഈ സമരം പിൻവലിക്കാവുന്നതാണ്. ബഹുമാനപ്പെട്ട പട്ടികസമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി ഈ കാര്യത്തിൽ അവരുമായി നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇത് കമ്പനിയാക്കി മാറ്റാൻ പോകുകയാണ്. കമ്പനിയുടെ രൂപീകരണത്തിനുശേഷം ആവശ്യമായ മറ്റ് ചർച്ചകൾ നടത്തി അവരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താവുന്നതാണ്. അതുകൊണ്ട് സമരം തുടർന്ന് നടത്തേണ്ട ആവശ്യമില്ല. അത് പരിഹരിക്കാവുന്നതാണ്. ഈ സമരം പിൻവലിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ. വഴി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly